


# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ദനഹാ രണ്ടാം ഞായർ

2022 ജനുവരി 9




# സാക്ഷികളും എതിർസാക്ഷികളും

പുറ 3:9-16; പ്രഭാ 18:1-14; വെളി 1:4- 8; യോഹ 8:21-30

ദൈവത്തിന്റെ നിറമെന്താണ് ? ആഫ്രോ - അമേരിക്കൻ എഴുത്തുകാരനും സംഗീതജ്ഞനുമായ മക്ക്ബ്രൈഡ് ബാല്യത്തിൽ അമ്മയോടു ചോദിച്ചു.

അദ്ദേഹത്തിന്റെ ആത്മകഥയിൽ ഇത് പറയുന്നുണ്ട്. ഒരു ദിവസം അമ്മയും മകനും പള്ളിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങുകയായിരുന്നു. കുട്ടി അമ്മയോടു ചോദിച്ചു: "ദൈവം കറുത്തതോ, വെളുത്തതോ ?" ദൈവം കറുത്തതുമല്ല, വെളുത്തതുമല്ല, അവിടുത്തേക്ക് വെള്ളത്തിന്റെ നിറമാണ്." അമ്മ മറുപടി നൽകി.

മനുഷ്യൻ എക്കാലവും ദൈവത്തെ തേടുന്നത് തന്റെ പശ്ചാത്തലങ്ങളിൽ നിന്നാണ്. അന്യനെയല്ല, സ്വന്തത്തെയാണ് അവർ ദൈവത്തിൽ തേടുന്നത്. ഇപ്രകാരം സരള ഹൃദയത്തോടെ ദൈവത്തെ തേടിയ മക്ക്ബ്രൈഡിന്റെ അമ്മ മകന്റെ സംശയമകറ്റുന്നത് എത്ര ഋജുവായാണ്.

ഇന്നത്തെ സുവിശേഷഭാഗത്ത്, വിശുദ്ധ യോഹന്നാന്റെ സുവിശേഷം 8-ാം അധ്യായം 21 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ ഹൃദയ വാതിലുകൾ അടഞ്ഞതുമൂലം ബോധജ്ഞാനത്തിന്റെ ഉൾപ്രകാശം ലഭിക്കാതെ പോയ തന്റെ സ്വന്തം ജനത്തോടാണ് ദേവാലയത്തിൽ വച്ച് യേശു സംസാരിക്കുന്നത് .

## സന്ദേഹിപ്പിക്കുന്ന 'മുകളിലെ' ലോകം

ലോകത്തിലെ ഏതു കോണിലും തങ്ങളുടേതായ വിചാരപ്രപഞ്ചത്തിൽ, ചട്ടവും വിധിയും പിന്തുടരുന്ന സാമൂഹ്യ പരിസരങ്ങൾ നമുക്ക പരിചിതമല്ല. യേശുവിന്റെ കാലത്തെ യഹൂദരും അവർക്കു ദഹിക്കുന്ന വിചാര വിനിമയവുമായി കഴിഞ്ഞു കൂടുകയായിരുന്നു. മതത്തെയും ദൈവത്തെയും സംബന്ധിച്ച ഏറ്റവും ആധികാരിക ജ്ഞാനം തങ്ങളുടേതാണെന്ന് സംശയലേശമന്യേ വിശ്വസിച്ചവരായിരുന്നല്ലോ അവർ. അങ്ങനെയൊരു സമൂഹത്തോടാണ്, അവർക്ക് ദുർഗ്രഹമായ' മുകളിലെ' ലോകത്തു നിന്നുള്ളവനാണു താനെന്ന് യേശു പരിചയപ്പെടുത്തുന്നത്.

യേശു ജീവിച്ചിരുന്ന കാലത്തു മാത്രമല്ല, അവിടുത്തെ സുവിശേഷം സഹസ്രാബ്ദങ്ങൾ കടന്നു കൈമാറ്റം ചെയ്യപ്പെട്ടപ്പോഴും ഈ 'മുകളിലെ ലോകം' സന്ദേഹം സൃഷ്ടിക്കുന്നതു മാത്രമല്ല, താഴെയുള്ള ലോകവുമായുള്ള താരതമ്യത്തിൽ 'ഈ മേൽത്തട്ട്' വിട്ടോടാൻ പ്രേരണ നൽകുന്നതുമായി നമുക്കുതന്നെ തോന്നിയിട്ടില്ലേ ?




ജോമോൻ എം. മങ്കുഴിക്കരി

## ആഡംബരം അനുഗ്രഹമുദ്രയോ?

എത്രയോ തിരുവചനഭാഗങ്ങൾ സഹനത്തിന്റെയും ത്യാഗത്തിന്റെയും ദാരിദ്ര്യത്തിന്റെയും മേന്മയെക്കുറിച്ച് നമ്മോടു സംസാരിച്ചിട്ടുണ്ട്. അന്ത്യത്തിൽ തേടിവരുന്ന നിത്യകിരീടത്തെക്കുറിച്ച്, അതുവഴി കൈവരുന്ന അക്ഷയമഹത്വത്തെക്കുറിച്ചും നാം മനസിലാക്കിയിട്ടുണ്ട്. എന്നാൽ നമ്മുടെ കൺമുന്നിലെ ലോകത്തിലാകട്ടെ സമ്പദ് സമൃദ്ധിയും ആഡംബരങ്ങളും ഉന്നത വിദ്യാഭ്യാസവും സ്വാധീന ശക്തിയുള്ള ജോലിയും വിപണിയിലെ സുഭദ്രമായ നിക്ഷേപങ്ങളും പഞ്ചനക്ഷത്ര വിരുന്നുകളും കോടികൾ വിമലമതിക്കുന്ന ഭവനങ്ങളും അനുഗ്രഹത്തിന്റെ മാനദണ്ഡങ്ങളാകുന്നു. 'നല്ല ഓട്ടം' ഓടണമെങ്കിൽ ഈ ട്രാക്കിലൂടെയാവട്ടെ എന്നു കരുതുന്നവരുടെ എണ്ണം അനുസ്യൂതം പെരുകുമ്പോൾ അതൊരു അത്ഭുതമല്ല.

ഏതു ലോകം തിരഞ്ഞെടുക്കണമെന്നുള്ള ആശയക്കുഴപ്പത്തിനു സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. പദമുറച്ച് പദം ചവുട്ടി ലോകദൃഷ്ടിയിൽ ആകർഷകമല്ലാത്ത, ദൃഷ്ടിഗോചരമല്ലാത്ത ലോകത്തെ തിരഞ്ഞെടുക്കുന്നവരുടെ നിക്ഷേപം മേൽ സൂചിപ്പിച്ചതുപോലെ കഷ്ടതകളും ക്ലിഷ്ടതകളും തന്നെയായിരുന്നു. അതിനെ അഭികാമ്യവും അഭിലഷണീയവുമാക്കുന്നത് ആ ലോകത്തെ നമുക്കു മധ്യേ പ്രതിനിധാനം ചെയ്ത ദൈവപുത്രൻ തന്നെ. ആഹ്ലാദവും ഐശ്വര്യവും പ്രൗഢിയും നിറഞ്ഞു കവിയുന്ന ആഡംബര വിരുന്നുകളിലും പ്രതാപമുറ്റ സൗധങ്ങളിലുമാവും ദൈവത്തിന്റെ സാന്നിദ്ധ്യമെന്നും അനുഗ്രഹ മുദ്രകൾ പതിഞ്ഞത് അവയുടെ കവാടങ്ങളിലാണെന്നും നിനച്ചവരുണ്ടായിരുന്നു എക്കാലവും.

## കണ്ണീർ സങ്കീർത്തനങ്ങൾ

എന്നാൽ സ്വർഗം വിട്ടിറങ്ങി വന്നവന്റെ ത്യാഗം, ഈ ഭൂമിയിലെ സാന്നിദ്ധ്യം ഈ ലോകത്തിന്റെയും മനുഷ്യന്റെയും പരിമിതികളെ മഹിമയ്ക്കർഹമാക്കി. നമ്മുടെ ജീവിതത്തിലെ നഷ്ടത്തിന്റെയും പരാജയത്തിന്റെയും ദുഃഖത്തിന്റെയും കണ്ണീരിന്റെയും ഏടുകളെ തന്റെ ആത്മത്യാഗത്തിലൂടെ യേശു വിജയസങ്കീർത്തനങ്ങളാക്കി മാറ്റി.

## ആരാണു നിന്റെ ക്രിസ്തു?

ആരാണു നീ ? തിരിച്ചറിയാൻ കഴിയാത്തവനോടു ചോദിക്കുന്ന



ചോദ്യമാണിത്. ഒരാൾ പറയുന്നത് മനസിലാക്കാൻ കഴിയാതിരിക്കുമ്പോഴും മനസിലായില്ലെന്ന് നടിക്കുമ്പോഴും ഈ ചോദ്യം ഉയരാറുണ്ട്. ക്രിസ്തുവിനോടു യഹൂദരും ഈ ചോദ്യമുയർത്തി. തന്റെ വ്യക്തിത്വം വെളിപ്പെടുത്തുന്ന ക്രിസ്തു, തന്നെ ശ്രവിക്കുന്നവരുടെ വ്യക്തിത്വത്തിലേക്കും കടന്നു ചെല്ലുന്നുണ്ട്. ദേവാലയത്തിൽ യഹൂദരുമായുള്ള ഡയലോഗും ഈ വിധത്തിലാണ്. വികസ്വരമാവുന്നത്. എന്നാൽ ഇവിടെ പ്രസക്തമായിരിക്കുന്നത് നമുക്കാരാണ് ക്രിസ്തു എന്ന ചോദ്യമാണ്. ആദ്യമായി അവിടുന്ന് ആരാണെന്ന സത്യവും രണ്ടാമതായി നാം ആരാണെന്നതും മനസിലാക്കാതെ അതിന്റെ ഉത്തരത്തിൽ നാം എത്തിച്ചേരുകയില്ല. അവനെ തിരിച്ചറിയുമ്പോഴാണ് അവിടുത്തെ അമൂല്യത നമുക്ക് സുവ്യക്തമാവുക. സ്വയം മനസിലാക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിന്റെ മഹത്വം കണ്ടെത്താനും നമുക്കു കഴിയുകയില്ല. ഈ രണ്ടു സത്യങ്ങളും ഒരേ സമയം ഗ്രഹിക്കുമ്പോൾ, യേശുവിൽ ദൈവത്തിന്റെ മഹത്വം നാം മനസിലാക്കും. മാത്രമല്ല, നമ്മുടെ സമസ്യകളിലെ സമ്പൂർണ്ണമായ സമാധാനം യേശുവിൽ തിരിച്ചറിയുകയും ചെയ്യും.

## കുരിശിലെ സ്നേഹത്തിന്റെ തളിർപ്പുകൾ

ജീവിതത്തിന്റെ സങ്കിഗ്ദ്ധാവസ്ഥകളിൽ, അവൻ തറയ്ക്കപ്പെട്ട കുരിശിലേക്ക് നോക്കുന്നവർ, ആ കുരിശുമരത്തിൽ സ്നേഹത്തിന്റെ തളിർപ്പുകളാണു കാണുന്നത്. സ്നേഹത്തിന്റെ നിത്യഹരിതമായ സ്രോതസാണ് ക്രിസ്തു തറയ്ക്കപ്പെട്ട കുരിശ്. ക്രൂശു മരണത്തിന്റെ ആ ദൃശ്യമാവട്ടെ വ്യക്തികളെന്ന നിലയിലും ജനതയെന്ന നിലയിലും നമ്മോടുള്ള സ്നേഹത്തിന്റെ നിതാന്ത പ്രകരണമാണ്.

തന്റെ പിതാവിന് നമ്മോടുള്ള സ്നേഹത്തിൽ കുരിശിൽ ' ഉയർത്തപ്പെട്ടവനെ ' നോക്കി വിശുദ്ധ ഇഗ്നേഷ്യസിന്റെ ചോദ്യങ്ങൾ നമുക്കു ഏറ്റെടുക്കാം. ഞാൻ ക്രിസ്തുവിനു വേണ്ടി എന്താണു ചെയ്തത് ? ക്രിസ്തുവിനു വേണ്ടി ഞാൻ എന്താണു ചെയ്യേണ്ടത് ? ഈ പ്രതികരണങ്ങളുടെ ആഴത്തിലാണല്ലോ യേശുവിന്റെ സ്നേഹം നമ്മുടെ ജീവിതത്തെ സചേതനാക്കുന്നത്. നാം ജീവിക്കുന്ന സമൂഹം ആ സ്നേഹത്തിന്റെ സമാശ്ലേഷത്താൽ സുവിശേഷാനുഭവം ആർജ്ജിക്കുമ്പോൾ അവിടെ മുകളിലെ ലോകത്തെ താഴേയ്ക്ക് സംവഹിക്കാനുള്ള നിയോഗത്തോടു നാം പ്രത്യുത്തരിക്കുകയാണ്. ദൈവരാജ്യം ഭൂപ്രവേശം നടത്തുന്നത് യേശുവിന്റെ സുവിശേഷത്തെ വരിക്കുന്നവർ സഹജരിലേക്ക് അതു പകരുമ്പോഴാണ്.

രക്ഷകനെ ശരിയായി ധരിക്കുന്നവരാണ് അവിടുത്തെ ദർശനത്തിന്റെ സംവാഹകരാവുക. തങ്ങളുടെ യുക്തിയിൽ കുടുങ്ങി യേശുവിനെ മനസിലാക്കാൻ പരാജയപ്പെട്ട ഫരിസേയരുടെ കാലഘട്ടത്തിൽ നിന്ന് എതിർ സാക്ഷ്യങ്ങൾകൊണ്ട് യേശുവിനെ പരാജയപ്പെടുത്തുന്ന അനുയായികളുടെ കാലത്തു നാം എത്തിയിരിക്കുന്നു.

ക്രിസ്തുവിനെ 'സ്വന്തമാക്കി' ബന്ധിക്കാനാണ് സമകാലികഉദ്യമങ്ങൾ.. ദിശയിലും ദർശനത്തിലും അവിടുത്തെ തടവുകാരനാക്കാൻ നമ്മുടെ സങ്കീർണപദ്ധതികൾക്കു കഴിയുമെന്ന് നാം ധരിക്കരുത്. നമ്മുടെ ചിന്തകൾ സ്വർഗോന്മുഖമാകട്ടെ, ക്രിസ്തുവും അവിടുത്തെ പിതാവും ഒന്നായിരിക്കുന്നതുപോലെ, യേശുവിനോടു ചേർന്നായിരിക്കട്ടെ നമ്മുടെ വഴിയും യാത്രയും. സാരള്യത്തോടെ ഋജുരേഖയിൽ സാക്ഷ്യം നൽകേണ്ടതാണ് ഇക്കാലം, വരാനിരിക്കുന്നതും.

യേശുവിനെ പിതാവ് കൈവിട്ടില്ല, കഠോര സഹനങ്ങളുടെ പാരമ്യത്തിലും സ്നേഹനിർഭരമായ ദൈവിക സഹവാസത്തിന്റെ അഗാധ രഹസ്യമാണ് യേശുവിൽ വെളിപ്പെട്ടത്. ആ ചൈതന്യമാർജ്ജിച്ച് ഇക്കാലഘട്ടത്തിൽ സഭയിലും വിശ്വാസജീവിതത്തിലും നമുക്കൊന്നായിരിക്കാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com